പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2070 **26-10-2026-ൽ മറുപടിയ്ക്ക്**

റേഷൻ കാർഡുകൾ മുൻഗണനായിനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങളും യോഗ്യതകളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

മറുപടി: 18.09.2017-ലെ സ.ഉ.(സാധാ) നം. 320/2017/ഭ.പൊ.വി.വ. ഉത്തരവ് പ്രകാരം മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2018 ലെ കേരള ഫുഡ് സെക്യൂരിറ്റി റൂൾസിലെ ചട്ടം 6-ൽ മുൻഗണനാ വിഭാഗത്തിൽനിന്ന് ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങളും ചട്ടം 7-ൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

ചട്ടം 6 ഉം,7ഉം അനുബന്ധമായി ചേർക്കുന്നു.

ആറാം ചട്ടമനുസരിച്ച് ഒഴിവാക്കേണ്ടവരെ ഒഴിവാക്കിയ ശേഷം അവശേഷിക്കുന്ന കുടുംബങ്ങളിൽ നിന്ന്, ഏഴാം ചട്ടത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ നൽകി തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ ക്രമപ്രകാരം ഈ കുടുംബങ്ങളുടെ റേഷൻ കാർഡുകൾ മുൻഗണന വിഭാഗത്തിലേക്ക് ഉൾപ്പെടുത്തി വരുന്നു.

നിലവിൽ മുൻഗണനാ വിഭാഗത്തിലേക്ക് കാർഡ് മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. അംഗീകൃത അക്ഷയ കേന്ദ്രങ്ങൾ വഴിയോ സിറ്റിസൺ ലോഗിൻ മുഖേനയോ അർഹരായ കുടുംബങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. മേൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അർഹരായ കുടുംബങ്ങളെ മുൻഗണനാക്രമത്തിൽ പട്ടികയിൽ ഉൾപ്പെടുത്തുന്നു.

(ബി) മാരക രോഗം ബാധിച്ച് നിർധനരാകുന്നവരുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് എന്തൊക്കെ രേഖകളാണ് ആവശ്യമുള്ളത്; എത്ര ദിവസത്തിനകം കാർഡുകളുടെ തരം മാറ്റാൻ സാധിക്കും; വിശദമാക്കുമോ;

മറുപടി: നിലവിൽ ചികിത്സ തുടരുന്ന ആശുപത്രിയിലെ ചികിത്സാചുമതലയുള്ള ഫിസിഷ്യൻ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ചികിത്സാരേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിലോ സിറ്റി റേഷനിംഗ് ഓഫീസിലോ നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. അപേക്ഷകളുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത്,അർഹരായ അപേക്ഷകരുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരംമാറ്റി നൽകിവരുന്നു.

(സി) മാരകരോഗ ബാധിതരായി ചികിത്സയിൽ കഴിയുന്നതിനാൽ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നിന്നും തിരൂരങ്ങാടി താലൂക്ക് സപ്ലൈ ഓഫീസിൽ സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ തീർപ്പാക്കാതെ നിലവിലുണ്ട് എന്ന് അറിയിക്കാമോ;

മറുപടി: മാരകരോഗബാധിതരായി ചികിത്സയിൽ കഴിയുന്നവരുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ തുടർച്ചയായി ലഭിച്ചു വരുന്നതാണ്.

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽനിന്ന് തിരൂരങ്ങാടി താലൂക്ക് സപ്ലൈ ഓഫീസിൽ സമീപകാലത്ത് ലഭിച്ച 14 അപേക്ഷകൾ മാത്രമാണ് നിലവിൽ തീർപ്പാക്കാൻ ശേഷിക്കുന്നത്. പ്രസ്തുത അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മാരകരോഗ ബാധിതരായി ചികിത്സയിൽ കഴിയുന്നതിനാൽ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നിന്നും കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസിൽ സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ തീർപ്പാക്കാതെ നിലവിലുണ്ട് എന്ന് അറിയിക്കാമോ?

മറുപടി: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽനിന്ന് കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസിൽ സമീപകാലത്ത് ലഭിച്ച 08 അപേക്ഷകൾ മാത്രമാണ് നിലവിൽ തീർപ്പാക്കാൻ ശേഷിക്കുന്നത്. പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

State-priority household and shall be eligible for the benefits available to priority households for treatment purposes. Entry to that effect will be made in thier ration cards and they shall get entitlements as may be decided by the Government from time to time.

6. *Exclusion from the purview of eligible households.*— Notwithstanding the fulfilling of the eligibility criteria for the identification of eligible households specified in rule 7, the following households shall not be treated as eligible households, namely:—

(i) If any member of a household is a regular employee of Central or State Government, Public Sector Undertakings, Co-operative sector, Government aided autonomous bodies, educational institutions getting financial aids or grants from any Central or State Governments or the local bodies or if he is a service pensioner:

Provided that this clause shall not apply to part-time employees, temporary employees, Class IV service pensioners, those who receives a pension upto five thousand rupees only and those who receives freedom fighter pension upto ten thousand rupees only;

(ii) If any member of a household is an income tax payee;

(iii) If any member of a household or the household owns land of more than 0.40 hectare, other than Scheduled Tribes;

(iv) If any member of a household is having a four wheeler vehicle or a heavy vehicle with a capacity of more than 600 CC, other than those having one commercial vehicle in households for earning livelihood;

(v) If any member of a household or the household is having house or flat having an area of 1000 square feet or more;

(vi) If any member of a household or the household is having a gross monthly income of ₹ 25,000 and above, either from private employment or foreign employment.

7. *Criteria for inclusion under priority households,*—(1) The following households shall be eligible to be included under the category of priority households,—

(i) Ashraya families;

(ii) Scheduled Tribe household even though a member is an employee of and below Class IV;

(iii) If a member of a household is suffering from seroius diseases like AIDS, Cancer, Autism, Chornic Leprosy, Endosulphan-affected, undergoing Dialysis, undergone Kidney/Heart transplantion, Mentally or Physically challenged, paralysed/bedridden persons and those who cannot live without the assistantce of others; and

(iv) Households headed by single woman (having no source of income, deserted women, unmarried mother), widow-headed households with no adult male member above the age of 21.

(2) In addition to the criteria specified in sub-rule (1), the households having the following poverty parameters shall be included in the priority list as per the weightage marks as decided by the Government from time to time, namely:—

A. Socially and physically vulnerable groups, such as,—

(i) existing Below Poverty Line families (if their financial status is still the same)

(ii) those who are suffering from any other fatal diseases not mentioned in the inclusion criteria like heart diseases, liver cirrhosis etc.

(iii) elders above 65 years

(iv) Scheduled Caste.

B. Occupationally vulnerable groups, such as,—

(a) un-organised sector, including,—

(i) coolie

(ii) mobile fish sellers

(iii) small hotel labourers

(iv) daily-wage labourers of small shops

(v) tailors in rural area

(vi) headload workers

(vii) labourers in small workshops

(viii) labourers of thattu kada/kiosks

(ix) domestic workers

(x) mobile vendors selling food or non-food items

(xi) small-scale lottery ticket sellers

(xii) labourers of fish processing units

(xiii) street vendors

(xiv) construction work helpers

(xv) vegetable sellers.

(b) Traditional labourers, including,—

(i) Conventional Fishermen

(ii) Weavers

(iii) Artisans

(iv) Potters

(v) Goldsmiths (working for daily wages)

(vi) Barbers

(vii) Blacksmiths

(viii) Bamboo workers

(ix) Dhobies

(x) Agricultural labourers

(xi) Coir workers

(xii) Plantation labourers

(xiii) Cashew labourers

(xiv) Beedi workers

(xv) Palm/Coconut tree climbers.

C. If the head of the household or the male head of the house is un-employed.

D. Landless and homeless households/those who residing in "poramboke".

E. Households living in,—

(i) hut,

(ii) kutcha houses/tarpolin/sheeted house,

(iii) dilapidated houses,

(iv) houses constructed under rehabilitation schemes of Government, like E.M.S Housing Scheme, Indira Awaz Yojana etc.

F. No secure toilet facility.

G. No drinking water available around an area of 500m. of the house (l00 m. in hilly areas).

H. Non- electrified houses.

8. *Coverage of eligible households.*—(1) The State-wise percentage coverage of eligible households under the Act in rural and urban areas respectively for receiving subsidized foodgrains under the Targeted Public Distribution System shall be as indicated in column 4 of Annexure I against Serial No.14 of the Targeted Public Distribution System (Control) Order, 2015.